# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 817 29.09.2016 ൽ മറുപടിക്ക്

## റിസോഴ്സ് അധ്യാപക തസ്തികകൾ

ചോദ്യം
ശ്രീ.എം.മുകേഷ്

ഉത്തരം
പ്രൊഫ: സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ ഭിന്ന ശേഷിയുള്ള എത്ര കുട്ടികളാണ് അധ്യയനം നടത്തി വരുന്നത് ;

എ) പൊതുവിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ ഭിന്ന ശേഷിയുള്ള എത്ര കുട്ടികളാണ് അധ്യയനം നടത്തി വരുന്നതെന്ന എണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം പൊതു വിദ്യാലയങ്ങളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്ന ശേഷിയുള്ള 49771 കുട്ടികൾക്കാണ് സാമ്പത്തിക സഹായം നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 45 സ്പെഷ്യൽ സ്കൂളുകളിൽ (deaf, dumb & blind) 1 മുതൽ 10 വരെ ക്ലാസ്സുകളിലായി 3007 കുട്ടികൾ പഠിക്കുന്നുണ്ട്.

ബി) ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് റിസോഴ്സ് സപ്പോർട്ട് നൽകുന്നതിനായി കരാർ നിയമനങ്ങളല്ലാതെ സ്ഥിരം റിസോഴ്സ് അധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

സി) എങ്കിൽ സ്ഥിരം റിസോഴ്സ് അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ബി യും സി യും) കേന്ദ്ര / സംസ്ഥാന സർക്കാരാണ് പ്രസ്തുത പദ്ധതിക്ക് തുക അനുവദിക്കുന്നത്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഇത്തരം തസ്തികകൾ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ.

സെക്ഷൻ ഓഫീസർ